LIBRARY ARCHIVES Kerala Legislative Assembly

കടൽത്തീരത്ത് കെട്ടിട നിർമ്മാണത്തിനുള്ള വിലക്കുകൾ

101 [1678] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിനുസമീപം കെട്ടിട നിർമ്മാണം നടത്തുന്നതിന് വിലക്കുകൾ ഏർപ്പെടുട്ടിയിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അപ്രകാരം വിലക്ക് ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും ഭാഗം വിലക്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ;

(ഡി) വിലക്കുലംഘിച്ചു നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ സാധൂകരിച്ച് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. കേന്ദ്ര സർക്കാർ 19-2-1991-ൽ പുറപ്പെടുവിച്ച എസ്.ഒ. 114 (ഇ) നമ്പരായുള്ള വിജ്ഞാപന പ്രകാരമാണ് വിലക്കുകൾ ഏർപ്പെടുത്തിയിട്ടുള്ളത്. അതനുസരിച്ച് കടലിനോടുചേർന്ന 500 മീറ്റർ തീരപ്രദേശം നിയന്ത്രിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തുന്നതിന് അതിന്റെ ആവശ്യത്തിന്റേയും സ്ഥാനത്തിന്റേയും അടിസ്ഥാനത്തിൽ നിയന്ത്രണത്തിൽ വ്യത്യാസവും ഉണ്ട്. പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുക, പുതിയ മത്സ്യ സംസ്കരണശാലകൾ തുടങ്ങുക, മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകളോ സാമഗ്രികളോ പുതുതായി ആരംഭിക്കുക, ലോല പരിസ്ഥിതി പ്രദേശങ്ങളിലും വേലിയേറ്റ-വേലിയിറക്ക മേഖലയിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക എന്നിവ പാടെ നിരോധിച്ചിട്ടുണ്ട്.

പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(സി) ഇല്ല.

(ഡി) ഇല്ല.

ത്രിതല പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സംവിധാനം

102 [1679] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് ലോകബാങ്ക് റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാലഹരണപ്പെട്ട അക്കൗണ്ടിംഗ് രീതിയും ദുർബലമായ റവന്യൂ പിരിവ് സാദ്ധ്യതയും വിവര ലഭ്യതയിലെ പിന്നോക്കാവസ്ഥയും പൊതുധന-നയ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിൽ ചർച്ചചെയ്യപ്പെട്ട പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) മൊത്തം സംസ്ഥാന ചെലവിൽ 18 ശതമാനം ത്രിതല പഞ്ചായത്തുകളിലേക്ക് പോകുന്നതിനാൽ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഗണിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ത്രിതല പഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടിംഗ് സംവിധാനം

103 [1680] ശ്രീ. പി. നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ 2004-2005 വർഷം മുതൽ പുതിയ അക്കൗണ്ടിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സമ്പ്രദായം ചിട്ടപ്പെടുത്തുന്നതിന് അക്കൗണ്ടിംഗ് യൂണിറ്റ് രൂപീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച ഏതെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകളിൽ 1-4-2004 മുതൽ പുതിയ അക്കൗണ്ടിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. 23-3-2004-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 147/2004/ധന. പ്രകാരം ത്രിതല പഞ്ചായത്തുകളിൽ കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ തയ്യാറാക്കിയ മാതൃകകളനുസരിച്ച് 1-4-2004 മുതൽ അക്കൗണ്ടും ബഡ്ജറ്റും തയ്യാറാക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ ത്രിതല പഞ്ചായത്തുകളിലെ ജീവനക്കാർക്കാവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫോർമാറ്റുകളും മാതൃകകളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി ആന്റ് സി) പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly